**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1135** **31-01-2024 - ൽ മറുപടിയ്ക്ക്**

**ജപ്പാൻ കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടിയുള്ള ടാങ്കിനോട് ചേർന്ന് നിർമ്മിച്ചിരിക്കുന്ന വീടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടിയുള്ള ടാങ്കിനോട് ചേർന്ന് നിർമ്മിച്ചിരിക്കുന്ന വീടുകൾ എന്തിന് വേണ്ടിയുള്ളതാണെന്ന് വ്യക്തമാക്കാമോ; | (എ) | അരൂർ മണ്ഡലത്തിൽ തൈക്കാട്ടുശ്ശേരി പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടിയുള്ള ടാങ്കിനോട് ചേർന്ന് നിർമ്മിച്ചിരിക്കുന്ന വീടുകൾ ജീവനക്കാരുടെ താമസ സൗകര്യത്തിനായി നിർമ്മിച്ചതാണെങ്കിലും നിലവിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ സ്റ്റോറായാണ് ഉപയോഗിച്ച് വരുന്നത്. പുതിയ സ്റ്റോർ നിർമ്മിക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ താമസത്തിനായി ഉപയോഗിക്കുന്നതാണ്. |
| (ബി) | പ്രസ്തുത വീടുകൾ ഇതുവരെ ഉപയോഗിക്കാത്തതിനാൽ കാടുകയറി നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടില്ല. നിലവിൽ പ്രസ്തുത വീടുകൾ സ്റ്റോറായി ഉപയോഗിച്ച് വരുന്നു. |
| (സി) | എങ്കിൽ ഇവ മറ്റ് സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നതിനായി വിട്ടുനല്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ജലശുദ്ധീകരണശാലയും സമീപ പ്രദേശവും അതീവ സുരക്ഷാ മേഖല ആയതിനാൽ മറ്റു പ്രവൃത്തികൾക്ക് നൽകാനാവില്ല. |

സെക്ഷൻ ഓഫീസർ